5398.92 ഏക്കർ ഭൂമി ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഭൂമിയിലെ പുനരധിവാസ വികസന പ്രവർത്തനങ്ങളും മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. ഭൂരഹിതർക്ക് വിതരണത്തിനായി ആറളം ഫാം കേന്ദ്ര സർക്കാരിൽനിന്നും ഏറെടുത്തിട്ടുണ്ട്. വനഭൂമി വിട്ടു കിട്ടുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അത് സംബന്ധിച്ച വ്യവസ്ഥകൾ ഉദാരീകരിക്കാൻ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയുമാണ്.

(ബി) 3,253 കുടുംബങ്ങൾക്ക്.

(സി) മിഷനിൽ ഒഴിവുള്ള മെമ്പർ, എക്സ്പെർട്ട് എന്നീ തസ്തികകൾ നികത്തി, മിഷൻ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

ആദിവാസി സെറ്റിൽമെന്റുകളിൽ വീട് വയ്ക്കുന്നതിനുള്ള അനുമതി

100 [1445] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സെറ്റിൽമെന്റുകളിൽ വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നവർക്ക് വീട് വയ്ക്കുവാൻ വനംവകുപ്പിന്റെ അനുമതി ആവശ്യമാണോ;

(ബി) ആദിവാസി സെറ്റിൽമെന്റുകളിൽ വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടും വനംവകുപ്പിന്റെ അനുമതി ഇല്ലാത്തതു കൊണ്ട് എത്ര പേർക്ക് വീട് വയ്ക്കാൻ കഴിയാതെ വന്നിട്ടുണ്ട്. അവർക്ക് വീട് വയ്ക്കാൻ ആവശ്യമായ അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുന്ദമംഗലം ആസ്ഥാനമായി ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി

101 [1446] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം സി. ഡബ്ല്യു. ആർ. ഡി. എം. കാർട്ടേഴ്സിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ട്രൈബൽ ഹോസ്റ്റൽ സ്വന്തം കെട്ടിടത്തിലേയ്ക്കു മാറ്റണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം ഏതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly